# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.05.2024**

## പ്രധാനവാർത്തകൾ

1. രാജ്യം ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാന ഘട്ടത്തിലേക്ക്. പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികളും മുന്നണികളും.

2. കാൻ ഫെസ്റ്റിവലിൽ ചരിത്ര നേട്ടം കുറിച്ച് ഇന്ത്യ. മലയാളം-ഹിന്ദി ചിത്രം ഓൾ വി ഇമാജിൻ ആസ് ലൈറ്റിന് ഗ്രാൻഡ് പ്രി പുരസ്കാരം.

3. ഡൽഹിയിൽ കുട്ടികളുടെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ ആറ് നവജാത ശിശുക്കൾ മരിച്ചു.

4. ബംഗ്ലാദേശും - പശ്ചിമബംഗാൾ തീരങ്ങളും ലക്ഷ്യമാക്കി റെമൽ ചുഴലിക്കാറ്റ് നീങ്ങുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ ബുധനാഴ്ച വരെ മഴ തുടരും.

5. സംസ്ഥാനത്ത് ഒരു മാസത്തെ ക്ഷേമ പെൻഷൻ വിതരണത്തിന് 900 കോടി രൂപ അനുവദിച്ചു. ബുധനാഴ്ച മുതൽ വിതരണം ആരംഭിക്കും.

6. ഐ പി എൽ ക്രിക്കറ്റ് ഫൈനലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

**ഹെഡ് ലൈൻ - 1**

**ലോക്സഭ - അവസാനഘട്ടം**

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാന ഘട്ടം ജൂൺ ഒന്നിന് നടക്കും.കഴിഞ്ഞ മാസം 19 നാണ് രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടം നടന്നത്. ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ 13 വീതവും. ബംഗാളിൽ 9, ബീഹാറിൽ 8, ഒഡീഷയിൽ 6, ഹിമാചൽ പ്രദേശിൽ 4, ഝാർഖണ്ഡിൽ 3, കേന്ദ്രഭരണപ്രദേശമായ ഛണ്ഡീഗഢ് എന്നിങ്ങനെ 57 മണ്ഡലങ്ങളിലാണ് അവസാന ഘട്ട വോട്ടെടുപ്പ് നടക്കുന്നത്. ഇന്നലെ നടന്ന ആറാം ഘട്ട വോട്ടെടുപ്പിൽ വോട്ടിംഗ് ശതമാനം 61.76 ആണ് . എല്ലാ മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 2**

**കാൻ ചലച്ചിത്രോത്സവം- ഇന്ത്യ (ഇൻട്രോ)**

കാൻ ചലച്ചിത്രമേളയ്ക്ക് തിരശീല വീഴുമ്പോൾ ചരിത്ര നേട്ടങ്ങൾ സ്വന്തമാക്കി ഇന്ത്യ. മികച്ച രണ്ടാമത്തെ ചിത്രം, അൺ സേർട്ടൻ റിഗാഡ് വിഭാഗത്തിൽ മികച്ച നടി, ഛായാഗ്രാഹക മികവ് എന്നീ വിഭാഗങ്ങളിലാണ് ഇന്ത്യയ്ക്ക് അഭിമാന നേട്ടം.

ഒരു റിപ്പോർട്ട്.... (വോയ്സ്)

**കാൻ ചലച്ചിത്രോത്സവം- ഇന്ത്യ (വോയ്സ്)**

77 - ാമത് കാൻ ചലച്ചിത്രമേളയിൽ തിളങ്ങി ഇന്ത്യയും കേരളവും. ഇന്ത്യൻ ചലച്ചിത്രലോകത്തിന് അഭിമാന മുഹൂർത്തങ്ങൾ സമ്മാനിച്ചുകൊണ്ടാണ് പായൽ കപാഡിയ സംവിധാനം ചെയ്ത ഹിന്ദി_മലയാളം ചിത്രം 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ് ഗ്രാൻഡ് പ്രി പുരസ്കാരം കരസ്ഥമാക്കിയത്. ഈ നേട്ടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യൻ സിനിമയെന്ന ചരിത്ര നേട്ടവും ചിത്രം സ്വന്തമാക്കി. 80 ശതമാനവും മലയാള ഭാഷയിലുള്ള ചിത്രത്തിലെ കേന്ദ്രകഥാപാത്രങ്ങളായി അഭിനയിച്ചത് മലയാളി താരങ്ങളായ കനി കുസൃതിയും ദിവ്യപ്രഭയുമാണ്. ലോകപ്രശസ്ത സംവിധായകരുടെ 22

PRD TVPM

സിനിമകളോടു മത്സരിച്ചാണ് മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള ഗ്രാൻഡ് പ്രീ പുരസ്കാരം ഈ സിനിമ നേടുന്നത്. അതേസമയം മികച്ച നടിക്കുള്ള പുരസ്കാരം നേടിയ ആദ്യ ഇന്ത്യൻ അഭിനേതാവായി അനസൂയ സെൻഗുപ്ത. ഫെസ്റ്റിവലിലെ അൺ സെർട്ടെയ്ൻ റിഗാർഡ് സെഗ്മെൻറിലാണ് അനസൂയ മികച്ച നടിക്കുള്ള പുരസ്കാരം നേടിയത്. 'ദി ഷെയിംലെസി'ലെ പ്രകടനമാണ് അനസൂയ സെൻഗുപ്തയെ അവാർഡിന് അർഹയാക്കിയത്. പ്രശസ്ത ഛായാഗ്രാഹകനും സംവിധായകനുമായ സന്തോഷ് ശിവന് ചലച്ചിത്രമേളയിൽ പിയർ ആഞ്ജിനോ പുരസ്കാരം നൽകി ആദരിച്ചതും ഇന്ത്യയ്ക്ക് അഭിമാനമായി. ശ്യാം ബെനഗലിൻറെ കാലാതീതമായ ക്ലാസിക് 'മന്ഥൻറെ' പ്രത്യേക പ്രദർശനം മുതൽ റെഡ് കാർപ്പെറ്റിലെ സെലിബ്രിറ്റികളുടെ മിന്നുന്ന സാന്നിധ്യം വരെ, ഇന്ത്യൻ സംഭാവനകളാൽ നിറഞ്ഞതായിരുന്നു ഇത്തവണത്തെ കാൻ ചലച്ചിത്രോത്സവം.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

<u>കാൻ -2</u>

കാൻ ഫെസ്റ്റിവലിൽ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ വിദ്യാർത്ഥിയായ ചിദാനന്ദ് നായിക്കിന്റെ കോഴ്സ് എൻഡ് ചിത്രമായ "സൺഫ്ലവേഴ്സ് വേർ ദി ഫസ്റ്റ് വൺസ് ടു നോ (SUNFLOWERS WERE THE FIRST ONES TO KNOW) മികച്ച ഹ്രസ്വചിത്രത്തിനുള്ള ലാ സിനെഫ് അവാർഡ് നേടിയത് ശ്രദ്ധേയമായി.

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 3</u>

<u>ഡൽഹി - തീ പിടുത്തം</u>

ഡൽഹി വിവേക് വിഹാറിൽ കുട്ടികളുടെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ ആറ് നവജാത ശിശുക്കൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. 12 നവജാത ശിശുക്കളെ രക്ഷപ്പെടുത്തി. നിലവിൽ ഒരു കുഞ്ഞ് ഐസിയുവിലും മറ്റ് അഞ്ച് പേർ

RNU TVPM

ആശുപത്രിയിലും തുടരുകയാണ്. രാത്രി 11.30 ഓടെ വിവരം ലഭിച്ചതിനെ തുടർന്ന് 16 ഫയർ ടെൻഡറുകൾ സ്ഥലത്തെത്തുകയായിരുന്നുവെന്ന് ഡൽഹി ഫയർ സർവീസസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**PREZ VP- ഡെൽഹി തീ പിടിത്തം**

ഡൽഹിയിൽ കുട്ടികളുടെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ നവജാതശിശുക്കൾ മരിച്ച സംഭവം അതീവ ദുഃഖകരമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ആഘാതത്തെ അതിജീവിക്കാൻ മാതാപിതാക്കൾക്കും ബന്ധുക്കൾക്കും കഴിയട്ടെയെന്ന് രാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും രാഷ്ട്രപതി പറഞ്ഞു. ദുരന്തത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അതീവ ദുഃഖം രേഖപ്പെടുത്തി. കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുന്നതായും അദ്ദേഹം അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

**റെമൽ ചുഴലിക്കാറ്റ്**

വടക്കൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട 'റെമൽ' ചുഴലിക്കാറ്റ് പശ്ചിമ ബംഗാളിലെ സാഗർ ദ്വീപിന് 270 കിലോമീറ്റർ തെക്ക് തെക്ക് കിഴക്കായി തീവ്ര ചുഴലിക്കാറ്റായി മാറിയതായി ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 135 കിലോമീറ്റർ വേഗതയിൽ വീശുന്ന ശക്തമായ ചുഴലിക്കാറ്റായി ഇന്ന് അർദ്ധരാത്രിയോടെ ഇത് വടക്കോട്ട് നീങ്ങി കൂടുതൽ ശക്തി പ്രാപിച്ച് ബംഗ്ലാദേശിനെയും അതിനോട് ചേർന്നുള്ള പശ്ചിമ ബംഗാൾ തീരങ്ങളെയും കടക്കുമെന്ന് കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

**മഴ - കേരളം**

കേരളത്തിൽ ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത

പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും തുടരുന്നതിനാൽ കേരളതീരത്തു നിന്ന് കടലിൽ മീൻപിടിക്കാൻ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത തുടരണം.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5

**ക്ഷേമ പെൻഷൻ - കേരളം**

സംസ്ഥാനത്ത് ഒരു മാസത്തെ ക്ഷേമ പെൻഷൻ വിതരണത്തിന് 900 കോടി രൂപ സർക്കാർ അനുവദിച്ചു. ബുധനാഴ്ച മുതൽ ക്ഷേമപെൻഷൻ വിതരണം ആരംഭിക്കുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചു. മാർച്ചിൽ ഒരു ഗഡുവും ഏപ്രിലിൽ രണ്ട് ഗഡുവും വിതരണം ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

**കടപ്പത്രം**

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 3,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം മറ്റെന്നാൾ റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

&&&&&&&&&&&&&&&&&&

**മഴക്കെടുതി - തിരുവനന്തപുരം**

സംസ്ഥാനത്ത് മഴക്കെടുതിയിൽ വ്യാപക നാശനഷ്ടം. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ ശക്തമായ മഴയെ തുടർന്ന് 1.82 കോടി രൂപയുടെ കൃഷിനാശമാണ് ഉണ്ടായത്. 66.89 ഹെക്ടർ കൃഷിഭൂമിയിൽ മഴ നാശം വിതച്ചു. 720 കർഷകർക്കാണ് മഴ മൂലം നഷ്ടമുണ്ടായത്. ഇതോടെ മെയ് മാസം മാത്രം ഉണ്ടായ ആകെ കൃഷിനാശം 13 കോടി പിന്നിട്ടു.

&&&&&&&&&&&&&&&&&&

RNU TVPM

<u>ആലപ്പുഴ - മഴക്കെടുതി (ഇൻട്രോ)</u>
ആലപ്പുഴ ജില്ലയിൽ മഴക്കെടുതി തുടരുകയാണ്.നൂറിലധികം വീടുകൾ പലയിടങ്ങളിലായി വെള്ളത്തിലാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി രവി കുമാർ.... (വോയ്സ്)**

&&&&&&&&&&&&&&&&&&

<u>കൊല്ലം - മഴ</u>

കൊല്ലം ജില്ലയിൽ മഴ തുടരുന്നു. രാവിലെ മുതൽ സാമാന്യം ശക്തമായമഴയാണ് ഇടവിട്ട് പെയ്യുന്നത്. പെരുങ്കുളം ഏലയ്ക്ക് സമീപമുള്ള വീടുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് മൂന്ന് ദിവസം മുൻപ് വിമലഹൃദയ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പിൽ 22 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസത്തെ മഴയിൽ കൊട്ടാരക്കര താലൂക്കിൽ 3 വീടുകളും, കുന്നത്തൂർ താലൂക്കിൽ ഒരു വീടും ഭാഗികമായി തകർന്നു.

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 6</u>

<u>ഐ.പി.എൽ</u>

ഐ പി എൽ ക്രിക്കറ്റ് 17-ാം സീസൺ ഫൈനലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30ന് ചെന്നൈയിലെ എം.എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. മൂന്നാം കിരീടം ലക്ഷ്യമിട്ടാണ് കൊൽക്കത്ത കളത്തിലിറങ്ങുന്നത്. ഹൈദരാബാദ് നേരത്തെ ഒരു തവണ കിരീടം നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

<u>ഫ്രഞ്ച് ഓപ്പൺ ടെന്നീസ്</u>

ഫ്രഞ്ച് ഓപ്പൺ ടെന്നീസിന് ഇന്ന് തുടക്കം. ഇടവേളയ്ക്കുശേഷം ഗ്രാൻസ്ലാം കോർട്ടിൽ തിരിച്ചെത്തുന്ന സ്പാനിഷ് താരം റാഫേൽ നദാലിൻറെ അവസാന ഫ്രഞ്ച് ഓപ്പണായിരിക്കുമിതെന്നാണ് റിപ്പോർട്ട്. ജർമനിയുടെ അലക്സാണ്ടർ സ്വരേവാണ് ആദ്യ

RNU TVPM

മത്സരത്തിൽ നദാലിൻറെ എതിരാളി. ഇന്ന് ഉച്ചതിരിഞ്ഞാണ് നദാലിൻറെ മത്സരം.

&&&&&&&&&&&&&&&&&&

<u>പാരാ അത്ലറ്റിക്സ്</u>

ജപ്പാനിലെ കോബയിൽ നടന്ന ലോക പാരാ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സിമ്രാൻ ശർമ്മ സ്വർണ്ണം നേടി. വനിതകളുടെ 200 മീറ്റർ ടി-12 വിഭാഗത്തിൽ 24.95 സെക്കൻറ് എന്ന മികച്ച സമയം കുറിച്ചാണ് സിമ്രാൻ സ്വർണ്ണം നേടിയത്. ആറു സ്വർണ്ണം ഉൾപ്പെടെ 17 മെഡലുകളുമായി ഇന്ത്യ പോയിൻറ് പട്ടികയിൽ ആറാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&&

<u>എ.ഐ അവതാരകർ</u>

നിർമിത ബുദ്ധി ഉപയോഗിച്ച് അവതാരകരെ സൃഷ്ടിച് നാഴികക്കല്ല് കൈവരിക്കാൻ ഒരുങ്ങി ദൂരദർശൻ. ദൂരദർശൻ കിസാൻ ആണ് അവതാരകരായ AI കൃഷ്, AI ഭൂമി എന്നിവരെ അവതരിപ്പിക്കുന്നത്. ഇവർക്ക് ഇന്ത്യയിലെയും വിദേശത്തെയും അമ്പത് ഭാഷകളിൽ സംസാരിക്കാനാകും. കാശ്മീർ മുതൽ തമിഴ്നാട് വരെയും ഗുജറാത്ത് മുതൽ അരുണാചൽ പ്രദേശ് വരെയും രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കർഷക കാഴ്ചക്കാർക്ക് ഇവരുടെ പരിപാടികൾ ആസ്വദിക്കാൻ കഴിയും.

RNUTVPM

&&&&&&&&&&&&&&&&&&

<u>നീലക്കുറിഞ്ഞി</u>

ഹരിത കേരളം മിഷൻറെ നേതൃത്വത്തിൽ ഇടുക്കി അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിൽ സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ ജൈവവൈവിധ്യ പഠനോത്സവത്തിന് തുടക്കമായി. പ്രേത്യേകം സ്ഥാപിച്ച ബോർഡുകളിൽ മരങ്ങൾ, പക്ഷികൾ, പൂക്കൾ, നദികൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ചിത്രങ്ങൾ വരച്ച് 14

ജില്ലകളിൽ നിന്നും എത്തിയ വിദ്യാർഥികൾ പഠനോത്സവം ഉദ്ഘാടനം ചെയ്യു. അടിമാലിയിലും മൂന്നാറിലുമായിട്ടാണ് പഠനോത്സവം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

**<u>ഇൻറർ ഏജൻസി ഗ്രൂപ്പ് - വയനാട്</u>**

വയാനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ഭരണകൂടം എന്നിവയുടെ ഭാഗമായി പ്രവർത്തിക്കാൻ ജില്ലയിലെ സന്നദ്ധ സംഘടനാ പ്രവർത്തകരെ ഉൾപ്പെടുത്തി രൂപീകരിച്ച ഇന്റർ ഏജൻസി ഗ്രൂപ്പ് പുനഃസംഘടിപ്പിക്കുന്നതിന് നാളെ രാവിലെ കളക്ടറേറ്റ് ഹാളിൽ യോഗം ചേരും. ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നേരിടുന്നതിന്റെ ഭാഗമായാണ് ഇന്റർ ഏജൻസി ഗ്രൂപ്പ് രൂപീകരിച്ചത്.

&&&&&&&&&&&&&&&&&&

**<u>കോഴിക്കോട് - തീ പിടുത്തം</u>**

കോഴിക്കോട് ഓമശ്ശേരി വെളിമണ്ണയിൽ വീട്ടിൽ തീപിടുത്തം. ചിറ്റാരിക്കലിൽ വീട്ടുകാർ സ്ഥലത്തില്ലാത്ത സമയത്താണ് തീപിടുത്തം ഉണ്ടായത്. വാതിൽ, കട്ടിൽ, ഫാനുകൾ, തുണികൾ, മേശ തുടങ്ങിയ നശിച്ചു. മുക്കം ഫയർഫോഴ്സ് എത്തിയാണ് തീയണച്ചത്. ഷോർട്ട് സർക്യൂട്ടാണ് അപകട കാരണമെന്ന് പ്രാഥമിക നിഗമനം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM